## തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് റോഡ്, കെട്ടിട വിഭാഗങ്ങൾ ഭരണാനുമതി നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ

**364 (1435)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിലായി പൊതുമരാമത്ത് കെട്ടിടവിഭാഗം, റോഡുവിഭാഗം എന്നിവ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ഓരോ പ്രവൃത്തിയുടെയും പേരുവിവരവും ഭരണാനുമതി പ്രകാരമുള്ള തുകയും പ്രത്യേകമായി വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) പൂർത്തീകരിക്കാത്തവ ഏതൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താറുണ്ടോ ; ഉണ്ടെങ്കിൽ, ഇതുപ്രകാരം സ്വീകരിച്ച നടപടി എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കെട്ടിട വിഭാഗം

അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗം

അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം-3* ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. നിർമ്മാണത്തിലിരിക്കുന്ന ജില്ലയിലെ പ്രവർത്തികളുടെ പുരോഗതി എല്ലാ മാസവും ആദ്യവാരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ വിലയിരുത്തുകയും സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ മാസവും ജില്ലാ അടിസ്ഥാനത്തിൽ കളക്ടർ ചെയർമാനായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കൂടുന്ന DDC യോഗങ്ങളിലും പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്യപ്പെടുന്നുണ്ട്.

## നാദാപുരം നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

**365 (1436)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly